# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 325** **18-03-2013-ൽ മറുപടിയ്ക്ക്**

**ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിക്കുള്ളിൽ 2011 മേയ് മാസം മുതൽ ഇതേവരെ എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; വാഹന അപകടങ്ങളിൽപ്പെട്ട് എത്ര പേർ ഈ കാലയളവിൽ മരണപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് മാരകമായി പരിക്കു പറ്റിയിട്ടുണ്ട്; | (എ) | തൃശൂർ റൂറൽ ജില്ലയിൽ കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ 2011 മേയ് മാസം മുതൽ ഇതേവരെ 452 വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 76 പേർ മരണപ്പെട്ടു. 346 പേർക്ക് ഗുരുതരമായ പരിക്ക് പറ്റിയിട്ടുണ്ട്. |
| (ബി) | വാഹന അപകടങ്ങൾ അടിക്കടി ഉണ്ടാകുന്നതു കണക്കിലെടുത്ത് ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് പോലീസിനു നിർദ്ദേശം നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് എല്ലാ പോലീസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അമിത വേഗത, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവയ്ക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഡ്രൈവർമാർക്ക് ആവശ്യമായ ബോധവൽക്കരണവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ